പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6810 02.11.2011-ൽ മറുപടിക്ക്

## സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള | ശ്രീ.പി. കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) ടോയ് ലറ്റ് സൗകര്യം ഇല്ലാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

എ) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത 1775 സർക്കാർ സ്കൂളുകളും 3071 എയ്ഡഡ് സ്കൂളുകളും ഉണ്ട്.

| | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 210 | 184 |
| കൊല്ലം | 212 | 257 |
| പത്തനംതിട്ട | 40 | 87 |
| ആലപ്പുഴ | 86 | 139 |
| കോട്ടയം | 70 | 112 |
| ഇടുക്കി | 89 | 51 |
| എറണാകുളം | 89 | 125 |
| തൃശ്ശൂർ | 80 | 236 |
| പാലക്കാട് | 191 | 352 |
| മലപ്പുറം | 265 | 500 |
| കോഴിക്കോട് | 121 | 430 |
| വയനാട് | 57 | 137 |
| കണ്ണൂർ | 108 | 377 |
| കാസർഗോഡ് | 157 | 84 |
| ആകെ | 1775 | 3071 |

ബി) സ്കൂളുകളിൽ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

ബി) സർക്കാർ വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സർവ്വശിക്ഷാ അഭിയാൻ, ശുചിത്വമിഷൻ, തുടങ്ങിയവയും പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അടുത്ത വർഷത്തെ ബഡ്ജറ്റിൽ സ്കൂളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മതിയായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.

സി) സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ?

സി) സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് എസ്.എസ്.എ യ്ക്ക് 252.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ